പാലക്കാട്ട്

ജൂലൈ 8, 2010

എന്റെ കമ്പ്യൂട്ടറിന് എന്റെ ഭാഷ

സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിന്റെ നേതൃത്വത്തിൽ സിക്സ്‌വെയർ ടെക്നോളജീസിന്റേയും പാലക്കാട് ലിബർ സോഫ്റ്റ്‌വെയർ യൂസേഴ്സ് സൊസൈറ്റിയുടേയും സ്വതന്ത്ര ജനാധിപത്യ സഖ്യത്തിന്റേയും സഹകരണത്തോടെ രണ്ട് ദിവസത്തെ പ്രദേശികവത്കരണ ശിബിരം ബിഗ് ബസാർ സ്കൂളിൽ (വലിയങ്ങാടി സ്കൂളിൽ) വച്ച് ജൂലൈ 10, 11 (ശനി, ഞായർ) തിയ്യതികളിൽ നടത്തുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മലയാളത്തിൽ ലഭ്യമാക്കാനുള്ള പ്രവർത്തനത്തിൽ സാധാരണക്കാരെ പങ്കെടുപ്പിയ്ക്കാനും ആവശ്യമായ പരിശീലനം നൽകാനും രണ്ട് ദിവസത്തെ ശിബിരം ലക്ഷ്യമിടുന്നു. ശിബിരം നടക്കുന്ന പള്ളിക്കുടവും അതിനടുത്ത റോഡുകളും സ്വതന്ത്ര ഭൂപട സംരംഭമായ ഓപ്പൺസ്ട്രീറ്റ്മാപ്പിൽ ചേർക്കുവാനും ശിബിരം ലക്ഷ്യമിടുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കി മലയാളഭാഷാ കമ്പ്യൂട്ടിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മയാണ് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ്.

ശിബിരത്തിൽ പങ്കെടുക്കാൻ നിബന്ധനകളൊന്നുമില്ല, മലയാളത്തിൽ കമ്പ്യൂട്ടറുപയോഗിയ്ക്കാനും മലയാളം കമ്പ്യൂട്ടിങ്ങിന്റെ സാധ്യതകളേക്കുറിച്ചറിയാനും പ്രവർത്തനങ്ങളിൽ പങ്കുചേരാനും താത്പര്യമുള്ള ആർക്കും പങ്കെടുക്കാം. പ്രവേശനം സൌജന്യമാണ്. പരിപാടിയിൽ പങ്കെടുക്കുന്നവർ താഴെ കൊടുത്ത വെബ്സൈറ്റിൽ രെജിസ്റ്റർ ചെയ്യുകയോ താഴെ കൊടുത്ത പ്രവർത്തകരെ വിളിച്ചറിയിയ്ക്കുകയോ ചെയ്യണം. കോഴിക്കോട്, പൂനെ, തിരുവനന്തപുരം, അങ്കമാലി, കൊച്ചി, കുറ്റിപ്പുറം തുടങ്ങി ആറിടങ്ങളിൽ ഇതിനോടകം തന്നെ ശിബിരങ്ങൾ വിജയകരമായി പൂർത്തിയാക്കി.

കമ്പ്യൂട്ടറിൽ മലയാളം എങ്ങനെ ഉപയോഗിയ്ക്കാമെന്നതിന്റെ പരിശീലനവും ഇതിന്റെ സാങ്കേതിക വശങ്ങളുടെ വിശദീകരണവും മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രധാന്യത്തെക്കുറിച്ചുള്ള ചർച്ചയും ആദ്യ ദിവസത്തെ പരിപാടിയിലുണ്ട്. സോഫ്റ്റ്‌വെയറുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ചിട്ടവട്ടങ്ങളും പരിചയപ്പെടുത്തുന്നതിനോടൊപ്പം ചില സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ മലയാളം പരിഭാഷ കൂട്ടായി ചെയ്യാനും ലക്ഷ്യമിടുന്നു. കമ്പ്യൂട്ടറിന്റെ ഉപയോഗത്തിലെ ചുമർചിത്രങ്ങൾ (wallpapers), സ്ക്രീൻസേവറുകൾ തുടങ്ങി കലാപരമായ വിഷയങ്ങളുടെ സാംസ്കാരികമായ പ്രാദേശികവത്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ചും ചർച്ച നടക്കും. ഇരുമ്പനം വിഎച്ച്എസ്എസ് സ്കൂളിലെ വിദ്യാർത്ഥികൾ ടക്സ്പെയിന്റ് എന്ന ചിത്രം വരയ്ക്കാനുള്ള സോഫ്റ്റ്‌വെയറിൽ കേരളത്തിലെ പൂക്കൾ ചേർത്ത് നേരത്തെ തന്നെ ഈ മേഖലയിൽ മാതൃക കാട്ടിയിട്ടുണ്ട്

സ്വതന്ത്ര സോഫ്റ്റ്‌വെയർ തത്വശാസ്ത്ര ലേഖനങ്ങളുടെ പരിഭാഷയും ഗുണനിലവാരം ഉറപ്പ് വരുത്തലുമായി രണ്ടാം ദിവസത്തെ പരിപാടി തുടങ്ങും. കെഡിഇ എന്ന സോഫ്റ്റ്‌വെയർ ശേഖരത്തിലെ കളികളുടെ മലയാള പരിഭാഷയും രണ്ടാം ദിവസം തുടരും. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിനെക്കുറിച്ചും ശിബിരത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കും ശിബിരത്തിന് രെജിസ്റ്റർ ചെയ്യാനും http://www.smc.org.in എന്ന വെബ്സൈറ്റ് സന്ദർശിയ്ക്കുകയോ താഴെ കൊടുത്ത നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഹിരൺ വേണുഗോപാലൻ +91 949 6346709 മനോജ് കെ മോഹൻ - +91 949 5513874